&

(ബി) നിർമ്മാണ പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്ന് വിശദമാക്കാമോ?

കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ നിർമ്മാണ പ്രവർത്തനം നടക്കുന്ന സ്കൂളുകളാണ് മികവിന്റെ കേന്ദ്രമാക്കി മാറ്റിയത്. ആയത് പ്രകാരം നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയത് ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ നെയ്യാറ്റിൻകരയാണ്. കിഫ്ബിയുടെ മൂന്നുകോടി രൂപ ധനസഹായത്തോടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് തെരഞ്ഞെടുത്ത സ്കൂളാണ് നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ. നെയ്യാറ്റിൻകര ഗവൺമെന്റ് ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബി അംഗീകരിച്ചു. എസ്.പി.വി.-യായി കിലയെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികളിലാണ്.

ചാത്തന്നൂർ മണ്ഡലത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യ വികസനം

172(2528) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗം ജി.എച്ച്.എസ്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. റിവൈസ് ചെയ്ത് കില കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോയെന്നും ഡി.പി.ആർ.-ന്റെ നിലവിലെ അവസ്ഥ എന്താണെന്നും അറിയിക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ തെക്കും ഭാഗം ജി.എച്ച്.എസ്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. റിവൈസ് ചെയ്ത് കില കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. 28-1-2021-ലെ സ.ഉ(സാധാ)783/2021/പൊ.വി.വ ഉത്തരവ് പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചുവെങ്കിലും ഇക്കാര്യത്തിൽ കിഫ്ബിയുടെ അംഗീകാരം കിലയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ കില ആരംഭിച്ചിട്ടില്ല.

(ബി) മണ്ഡലത്തിലെ ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. ഇതിനകം കില തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ഡി.പി.ആർ. സംബന്ധിച്ച നിലവിലെ അവസ്ഥ എന്താണെന്നും വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചിറക്കര ഗവൺമെന്റ് എച്ച്.എസ്.-ന്റെ ഭൗതിക സൗകര്യ വികസനത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കി കില കിഫ്ബിക്ക് സമർപ്പിച്ചിട്ടില്ല. G.O(Rt) No.2997/2020/GEDN ഉത്തരവ് പ്രകാരം കിലയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചുവെങ്കിലും ഇക്കാര്യത്തിൽ കിഫ്ബിയുടെ അംഗീകാരം കിലയ്ക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ ഡി.പി.ആർ. തയ്യാറാക്കുന്ന പ്രവൃത്തികൾ കില ആരംഭിച്ചിട്ടില്ല.

പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി ചെലവഴിച്ച തുക

173(2529) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018, 2019, 2020 എന്നീ വർഷങ്ങളിൽ വിദ്യാഭ്യാസ വകുപ്പിൽ പശ്ചാത്തല സൗകര്യ വികസനങ്ങൾക്കായി പ്ലാൻ/ബഡ്ജറ്റ് ഫണ്ട് വഴി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഇതുവഴി ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് തുക ലഭ്യമാക്കിയിട്ടുള്ളതെന്നുമുള്ള വിവരം ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പിൽ പശ്ചാത്തല സൗകര്യവികസനത്തിനായി പദ്ധതിയിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	ചെലവഴിച്ച തുക (ലക്ഷത്തിൽ)
2018-19	31,628.26
2019-20	27,776.78
2020-21	11,074.09

വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടെ വ്യക്തമാക്കിക്കൊണ്ടുള്ള സർക്കാർ ഉത്തരവിന്റെ പകർപ്പുകൾ www.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.